**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **11-09-2023 - ൽ മറുപടിയ്ക്ക്**

**പുളിമാത്ത് കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ? | (എ) | **കടലുകാണിപാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കാൻ ഹിന്ദുസ്ഥാൻ പ്രീഫാബ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. കോവിഡ് കാരണം പ്രവൃത്തി വൈകിയതും പിന്നീട് നിർവ്വഹണ ഏജൻസി പദ്ധതി തുടരാൻ താത്പര്യം ഇല്ലായെന്ന് അറിയിക്കുകയും ചെയ്തത് കാരണം ഈ പദ്ധതി പ്രവർത്തനങ്ങൾ വൈകുകയുണ്ടായി. പുതിയ ഏജൻസിയായി M/s SILK നെ തെരഞ്ഞെടുത്തിട്ടുണ്ട്. അതോടൊപ്പം തന്നെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ